പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1334 — 20.01.2014 ൽ മറുപടിക്ക്

**എ.പി.എൽ/ബി.പി.എൽ. റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി. തിലോത്തമൻ; | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | ബി.പി.എൽ - എ.പി.എൽ. കാർഡ് ഉടമകൾക്ക് റേഷൻ കടകളിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എത്ര വീതമാണെന്ന് വിശദമാക്കുമോ; ഇത് എല്ലാ മാസവും കൃത്യമായി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ പ്രഖ്യാപിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിൽ എല്ലാ മാസവും നൽകാത്തതെന്തുകൊണ്ടാണ് ; വ്യക്തമാക്കാമോ; | (എ) | ബി.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് 1/-രൂപാ നിരക്കിൽ 25 കിലോഗ്രാം അരിയും, 2 /- രൂപ നിരക്കിൽ 5 കിലോഗ്രാം ഗോതമ്പും, കിലോഗ്രാമിന് 13.50 രൂപാ നിരക്കിൽ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും ഓരോ മാസവും ലഭിക്കും. എ.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് 8.90/-രൂപാ നിരക്കിൽ 10 കിലോഗ്രാം അരിയും, എ.പി.എൽ വിഭാഗത്തിൽപ്പെട്ട 2/- രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യവിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കിലോഗ്രാം അരിയും, കിലോഗ്രാമിന് 12/- രൂപാ നിരക്കിൽ കാർഡൊന്നിന് 2 കിലോഗ്രാം ആട്ടയും ഓരോ മാസവും ലഭിക്കും. ഇവയെക്കെത്തന്നെ എല്ലാമാസവും കാർഡുടമകൾക്ക് കൃത്യമായി നൽകുന്നുണ്ട്; |
| (ബി) | റേഷൻ കടകൾവഴി എ.പി.എൽ., ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന മണ്ണെണ്ണ എത്ര വീതമാണ് എന്ന് പറയാമോ; | (ബി) | വൈദ്യുതീകരിച്ച വീടുള്ള എല്ലാ കുടുംബങ്ങൾക്കും 1/2 മുതൽ 1 ലിറ്റർ വരെ മണ്ണെണ്ണയും, വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 17/17.50 രൂപ നിരക്കിൽ ഈ മാസം ലഭിക്കും. |
| (സി) | എ.പി.എൽ കാർഡ് ഉടമകൾക്ക് നിലവിൽ ഗോതമ്പ് നൽകുന്നുണ്ടോ; എങ്കിൽ എത്രവീതമാണെന്ന് വ്യക്തമാക്കുമോ? | (സി) | എ.പി.എൽ കാർഡുടമകൾക്ക് 2013 നവംബർ മാസം മുതൽ ഗോതമ്പ് നൽകുന്നില്ല, പകരം 2 കിലോഗ്രാം ആട്ട വീതം പ്രതിമാസം നൽകുന്നുണ്ട്. സംസ്ഥാനത്തിന് പ്രതിമാസം അനുവദിച്ചിട്ടുള്ള ആകെ വിഹിതം 139748 മെ.ടണ്ണാണെങ്കിലും ആകെ പ്രതിമാസ വിട്ടെടുപ്പ് വിഹിതം 122724 മെ.ടണ്ണിൽ കൂടുവാൻ പാടില്ലായെന്ന് കേന്ദ്രസർക്കാർ നിബന്ധനകൾ പ്പെടുത്തിയതിനാൽ എ.പി.എൽ ഗോതമ്പ് വിഹിതം വിട്ടെടുക്കുന്നതിൽ കുറവു വരുത്തേണ്ടിവന്നു. |

സെക്ഷൻ ഓഫീസർ